**ചരമോപചാരം**

## ലോനപ്പൻ നമ്പാടൻ, കെ. പി. കോസല രാമദാസ് എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻ മന്ത്രി ലോനപ്പൻ നമ്പാടൻ, മുൻ കേരള നിയമ സഭാംഗം കെ. പി. കോസല രാമദാസ് എന്നിവർ അടുത്ത കാലത്ത് നിര്യാത രായി.

മുൻ മന്ത്രി ലോനപ്പൻ നമ്പാടൻ 2013 ജൂൺ 5-ന് അന്തരിച്ചു.

തൃശ്ശൂർ ജില്ലയിലെ പേരാമ്പ്രയിൽ നമ്പാടൻ വീട്ടിൽ കുര്യപ്പന്റെയും പ്ലമേനയുടെയും മകനായി 1935 നവംബർ 13-ന് ലോനപ്പൻ നമ്പാടൻ ജനിച്ചു. അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം, വിമോ ചന സമരകാലത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലൂടെയാണ് സജീവ രാഷ്ട്രീയത്തിലെത്തിയത്. കേരളാ കോൺഗ്രസ്സിന്റെ ആദ്യകാല നേതാക്ക ളിൽ ഒരാളായ അദ്ദേഹം, അതിനുശേഷം ഇടതുസഹയാത്രികനും പിന്നീട് സി.പി.എം. അംഗവുമായി. കൊടകര നിയോജക മണ്ഡലത്തിൽനിന്നും കേരള കോൺഗ്രസ് പ്രതിനിധിയായി 1977-ൽ അഞ്ചാം കേരള നിയമസഭ യിലും 1980-ൽ ആറാം കേരള നിയമസഭയിലും അംഗമായ അദ്ദേഹം, ഇരി ങ്ങാലക്കുട നിയോജക മണ്ഡലത്തിൽനിന്ന് 1982-ൽ ഏഴാം കേരള നിയമ സഭയിലേക്കും 1987-ൽ എട്ടാം കേരള നിയമസഭയിലേക്കും 1991-ൽ ഒൻപതാം കേരള നിയമസഭയിലേക്കും 1996-ൽ പത്താം കേരള നിയമസഭ യിലേക്കും സ്വതന്ത്ര അംഗമായും തെരഞ്ഞെടുക്കപ്പെട്ടു. 1980-81, 1987-91

കാലയളവുകളിൽ ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭകളിൽ അംഗമായിരുന്ന ലോനപ്പൻ നമ്പാടൻ ഗതാഗതം, ഭവനനിർമ്മാണം തുടങ്ങിയ വകുപ്പുകളുടെ ചുമതല വഹിച്ചിട്ടുണ്ട്. 2004-ൽ മുകുന്ദപുരം മണ്ഡലത്തിൽ നിന്നും ലോകസഭയിലേയ്ക്ക് സി.പി.ഐ(എം). അംഗമായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ജലവിഭവം, ഖനവ്യവസായം, പൊതുമേഖല എന്നിവയ്ക്കുള്ള പാർലമെന്ററി സമിതികളിൽ അംഗമായിരുന്നു.

നിയമസഭാ സാമാജികൻ എന്ന നിലയിലും ഭരണാധികാരി എന്ന നിലയിലും അതുല്യമായ പ്രവർത്തനം കാഴ്ചവച്ച നമ്പാടൻ ഗൗരവപൂർണ്ണമായ വിഷയങ്ങൾപോലും സരസമായി അവതരിപ്പിക്കുന്നതിൽ ശ്രദ്ധേയനായിരുന്നു. കേരള കോൺഗ്രസ്സ് തൃശ്ശൂർ ജില്ലാ പ്രസിഡന്റ്, സംസ്ഥാന വൈസ് ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ലോകസഭയിൽ മലയാളത്തിൽമാത്രം പ്രസംഗിച്ച് പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റിയ ലോനപ്പൻ നമ്പാടൻ, ഭരണഭാഷ മലയാളമാക്കുന്നതിന് അശ്രാന്ത പരിശ്രമം നടത്തി. 'സഞ്ചരിക്കുന്ന വിശ്വാസി' (ആത്മകഥ), 'നമ്പാടന്റെ നമ്പരുകൾ ' (ഫലിത സമാഹാരം) എന്നീ പുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്.

ലോനപ്പൻ നമ്പാടന്റെ നിര്യാണത്തോടെ സംശുദ്ധമായ പൊതുജീവിതത്തിലൂടെയും നർമ്മ മധുരമായ പ്രശ്നങ്ങളിലൂടെയും ജനഹൃദയങ്ങളിൽ ഇടംനേടിയ ഒരു പൊതു പ്രവർത്തകനെയും മികച്ച ഒരു ഭരണാധികാരിയേയും സാമാജികനനേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

കേരള നിയമസഭാംഗമായിരുന്ന കെ. പി. കോസല രാമദാസ് 2013 ജൂൺ 3-ന് അന്തരിച്ചു.

തിരുവനന്തപുരം ജില്ലയിൽ കെ. പി. ദാസിന്റെ മകനായി 1928 സെപ്റ്റം ബറിൽ കെ. പി. കോസല രാമദാസ് ജനിച്ചു. തിരുവനന്തപുരത്ത് അഭിഭാഷക നായി അദ്ദേഹം ഔദ്യോഗിക ജീവിതം ആരംഭിച്ചു. തൊഴിലാളി സംഘടനാ പ്രവർത്തനത്തിലൂടെ സജീവരാഷ്ട്രീയത്തിൽ പങ്കാളിയായ കെ. പി. കോസല രാമദാസ് 1967-ൽ ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നിന്ന് സി.പി.ഐ(എം.) അംഗമായി മൂന്നാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടു ക്കപ്പെട്ടു. 19 മാസത്തിനുശേഷം അദ്ദേഹം അംഗത്വം രാജിവച്ചു. പിന്നീട് സി.പി.ഐ.(എം.എൽ)-ൽ ചേർന്ന കോസല രാമദാസ് അടിയന്തരാവസ്ഥ കാലത്ത് ജയിൽവാസം അനുഷ്ഠിച്ചിട്ടുണ്ട്. കേരളത്തിൽ സ്വതന്ത്ര ട്രേഡ് യൂണിയൻ പ്രസ്ഥാനം കെട്ടിപ്പെടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ച അദ്ദേഹം 1952 മുതൽ 16 വർഷത്തോളം തിരുവനന്തപുരം കോർപ്പറേഷൻ കൗൺസി ലറായും 1964-65 കാലഘട്ടത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ മേയറായും പ്രവർത്തിച്ചിട്ടുണ്ട്. സി.പി.ഐ.(എം.) തിരുവനന്തപുരം ജില്ലാ സെക്രട്ടറി, കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി. എന്നിവയിലെ യൂണിയനു കളുടെ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹം ഇൻഡോ-ചൈനാ ഫ്രണ്ട്ഷിപ്പ് അസോസിയേഷന്റെ അഖിലേന്ത്യാ പ്രസി ഡന്റായി പ്രവർത്തിച്ചു വരികയായിരുന്നു.

കെ. പി. കോസല രാമദാസിന്റെ നിര്യാണത്തോടെ മികച്ച ഒരു തൊഴി ലാളി നേതാവിനെയും, കഴിവുറ്റ ഒരു സംഘാടകനേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പ സമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനമാചരിച്ചു.)